# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2068 01.02.2018 - ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് :<br>ശ്രീ. വി. അബ്ദുറഹിമാൻ :<br>ശ്രീ. സി.കൃഷ്ണൻ :<br>ശ്രീ. യു. ആർ. പ്രദീപ് : | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ സൗജന്യമായി നൽകുന്ന അവശ്യമരുന്നുകൾ സമയബന്ധിതമായി സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ; ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യമായി ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) | ആരോഗ്യവകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള വിദഗ്ധരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ അവശ്യമരുന്നു പട്ടികയനുസരിച്ചുള്ള ക്രോഡീകരിച്ച വാർഷിക ഇൻഡന്റുകൾ ആരോഗ്യവകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും മുൻകൂട്ടി സ്വീകരിച്ച് ഇ-ദർഘാസ് ക്ഷണിക്കുകയും അപ്രകാരം ലഭ്യമായ ബിഡുകളിൽ നിന്നും ദർഘാസ് നടപടി ക്രമങ്ങളുടെ ഭാഗമായുള്ള സാങ്കേതിക പ്രമാണങ്ങളുടെ സൂക്ഷ്മപരിശോധന, അതിൽ യോഗ്യത നേടുന്ന മരുന്നു വിതരണ കമ്പനികളുടെ ഫാക്ടറി പരിശോധന തുടങ്ങിയവ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടേയും സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ കീഴിലുള്ള എൻഫോഴ്സ്മെൻറ് ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ നടത്തുകയും ചെയ്യുന്നു. മറ്റു നടപടികൾ പൂർത്തീകരിച്ച് വിതരണ അനുമതിയും വിതരണ ഉത്തരവും നൽകുകയും മരുന്നുകൾ കോർപ്പറേഷന്റെ വിവിധ ജില്ലാ മരുന്നു സംഭരണകേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന മുറയ്ക്ക് അവ അതത് സർക്കാർ ആശുപത്രികൾക്ക് വിതരണം നടത്തുകയുമാണ് ചെയ്യുന്നത്.<br><br>രക്താദിസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗം തുടങ്ങിയ ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ സർക്കാർ ആശുപത്രികളിലൂടെ സൗജന്യമായി വിതരണം നടത്തി വരുന്നുണ്ട്. കൂടാതെ സർക്കാരിന്റെ വിവിധ ആരോഗ്യ പദ്ധതികളുടെ ഭാഗമായി നടപ്പാക്കുന്ന ജീവിതശൈലീ രോഗചികിത്സാ പദ്ധതിയ്ക്കാവശ്യമായ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന സൗജന്യമായി ലഭ്യമാക്കി വരുന്നുണ്ട്. |

| | |
|---|---|
| (ബി) ജനറിക് മരുന്നുകൾ കൂടാതെ അത്യാവശ്യഘട്ടത്തിൽ ഡോക്ടർമാർ നിർദേശിക്കുന്ന സ്പെഷ്യാലിറ്റി മരുന്നുകൾ കൂടി സൗജന്യമായി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) തീരുമാനിച്ചിട്ടുണ്ട് |
| (സി) ബ്രാൻഡഡ് മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ള കാരുണ്യ ഫാർമസികൾ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ സർക്കാർ അധികാരമേറ്റതിന് ശേഷം പുതുതായി ആരംഭിച്ച കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ഏതെല്ലാമാണ്; | (സി) ഉണ്ട്. ഈ സർക്കാർ അധികാരമേറ്റതിന് ശേഷം താഴെപ്പറയുന്ന 11 ആശുപത്രികളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>1. ജനറൽ ആശുപത്രി, തിരുവനന്തപുരം.<br>2. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പാറശ്ശാല<br>3. മെഡിക്കൽ കോളേജ്, പാരിപ്പള്ളി, കൊല്ലം<br>4. താലൂക്ക് ആശുപത്രി, ചങ്ങനാശ്ശേരി<br>5. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചേർത്തല<br>6. താലൂക്ക് ആശുപത്രി, പേരാമ്പ്ര<br>7. താലൂക്ക് ആശുപത്രി, കുത്തുപറമ്പ്<br>8. താലൂക്ക് ആശുപത്രി, പയ്യന്നൂർ<br>9. ജനറൽ ആശുപത്രി, തലശ്ശേരി<br>10. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ്<br>11. ജനറൽ ആശുപത്രി, കൽപ്പറ്റ |
| (ഡി) കെ. എം. എസ്. സി. എൽ - ൽ ആരംഭിച്ച കേരള ജനറിക് സംരംഭത്തിന്റെ വിശദാംശം ലഭ്യമാക്കാമോ? | ഡി) സർക്കാർ ആശുപത്രികൾ വഴി ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ടെങ്കിലും ചില കുറിപ്പടികൾക്കെങ്കിലും പുറത്തു പോകുന്നതുവഴി സാധാരണക്കാരന് ഉണ്ടായേക്കാവുന്ന സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ച പുതിയ സംരംഭമാണ് കേരള ജനറിക്സ്. ബ്രാൻഡഡ് നാമത്തിലല്ലാതെ രാസനാമത്തിൽ തന്നെ പൊതു വിപണിയിൽ ലഭ്യമാകുന്ന ഇത്തരം മരുന്നുകൾ ബ്രാൻഡഡ് മരുന്നുകളെപ്പോലെതന്നെ തുല്യ ഗുണനിലവാരം ഉള്ളവയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച വിവിധയിനം പദ്ധതികളിലൂടെയും ഡോക്ടർമാരുടെ കുറിപ്പടികളിലൂടെയും ആവർത്തിച്ചു വരുന്ന മരുന്നുകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് കേരള ജനറിക്സ് ആവശ്യമായ മരുന്നുകളുടെ പട്ടിക തയ്യാറാക്കിയിരിക്കുന്നത്. കേരളത്തിലെ ജനങ്ങളിൽ ഏറ്റവും കൂടുതൽ |

കണ്ടുവരുന്ന ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള മരുന്നുകളും പൊതുവായുള്ള ആന്റിബയോട്ടിക്കുകളും ഉൾപ്പെടെ 94 ഇനം ജനറിക് മരുന്നുകളാണ് ആദ്യഘട്ടത്തിൽ കേരള ജനറിക്സ് ഫാർമസികളിലൂടെ വിതരണം ചെയ്തുവരുന്നത്. കേരളത്തിലെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) എറണാകുളം ജനറൽ ആശുപത്രിയിലും പ്രവർത്തിച്ചുവരുന്ന കേരള ജനറിക്സ് ഫാർമസികളിൽ വരുന്ന ഉപഭോക്താക്കളുടെ അന്വേഷണങ്ങളും അഭിപ്രായങ്ങളും കണക്കിലെടുത്ത് രണ്ടാംഘട്ടത്തിൽ 60 ഇനം മരുന്നുകൾ കൂടി കേരള ജനറിക്സ് ഫാർമസികളിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ടി പട്ടികയിൽ നിന്ന് 30 ഇനത്തോളം മരുന്നുകൾ ഫാർമസികളിലൂടെ വിതരണം ചെയ്തുവരികയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**